ഉത്തരം

(എ) ഉണ്ട്.

(ബി) ജനവാസം കൂടുതലുള്ള സ്ഥലങ്ങളിലും വരൾച്ച കൂടുതലുള്ള വനപ്രദേശങ്ങളിലും കാട്ടുതീ ഉണ്ടാവാൻ സാദ്ധ്യതയുണ്ട്. വനത്തിനുള്ളിൽ കന്നുകാലിമേയ്ക്കുന്നവരിൽ നിന്നും അനധികൃതമായി നായാട്ടുനടത്തുന്നവരിൽ നിന്നും കാട്ടുതീ ഉണ്ടാകാനുള്ള സാദ്ധ്യത കൂടുതലാണ്. എന്നാൽ യാദൃച്ഛികമായും ചിലപ്പോൾ ബോധപൂർവ്വം വനത്തിൽ പുല്ലു വളരുന്ന ഭാഗങ്ങളിൽ മഴക്കാലത്ത് പുല്ലു കിളിർക്കുന്നതിനുവേണ്ടി വേനൽക്കാലത്ത് തീ ഇടുന്ന സംഭവങ്ങൾ ഉണ്ടായിയിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ മിക്കവാറും കന്നുകാലി വളർത്തുന്നതിൽ നിന്നുമാണ് ഉണ്ടായിട്ടുള്ളത്.

(സി) കാട്ടുതീ തടയുന്നതിന് ഫലപ്രദമായ നിരവധി പദ്ധതികൾ വനംവകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. വനത്തിൽ നിലവിലുള്ള റോഡുകളുടെ ഇരുവശവും സ്വാഭാവിക വനങ്ങൾക്കു ചുറ്റും മൂന്നുവർഷം വരെ പ്രായമായ തോട്ടങ്ങൾക്കു ചുറ്റും ഫയർ ലൈൻ തെളിക്കുക, കാട്ടുതീ ഉണ്ടായാൽ അത് അണയ്ക്കുന്നതിന് ഫയർ മസ്ദൂർമാരെ നിയമിക്കുക. തുടങ്ങിയ പ്രവൃത്തികൾ ചെയ്തു വരുന്നു. കൂടാതെ വനംവകുപ്പിലെ വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് അഗ്നിശമന പ്രവർത്തനങ്ങളിൽ പരിശീലനം നൽകുകയും ഫയർവാച്ച് ടവറുകൾ നിർമ്മിക്കുകയും അഗ്നിശമന ഉപകരണങ്ങൾ, വയർലസ് സെറ്റുകൾ എന്നിവ ഉപയോഗിക്കുകയും വനത്തിനു സമീപം താമസിക്കുന്ന ജനങ്ങൾക്ക് ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

49 (1090) വനോൽപ്പന്നങ്ങളുടെ വിപണനത്തിൽ നിന്നും ലഭിച്ച തുക

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ആർ ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തികവർഷവും വനോൽപ്പന്നങ്ങളുടെ വിപണനത്തിൽ നിന്ന് എന്തു തുക ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ചന്ദനം തുടങ്ങിയ ഉൽപ്പന്നങ്ങൾ വനത്തിൽ നിന്ന് കടത്തിക്കൊണ്ടു പോകുന്ന മാഫിയസംഘം സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് എന്നുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വനം മാഫിയയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ഇതിൽ സർക്കാരുമായി ബന്ധപ്പെട്ട ആരെങ്കിലുമോ ഏതെങ്കിലും ഏജൻസിയോ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഉള്ളതായി അറിവില്ല.

50 (1091) വനം മാഫിയ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം മാഫിയകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് സമീപകാലത്തുണ്ടായ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ പ്രവർത്തനം നിയന്ത്രിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കൂടുതലായി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) വനം മാഫിയയുടെ ഇടപെടൽ മൂലം സർക്കാരിന്റെ റവന്യൂവിൽ വരുന്ന കുറവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)&(സി) ഇതു സംബന്ധിച്ച പരാതികളോ/തെളിവുകളോ ഒന്നും സർക്കാരിന് ലഭിച്ചിട്ടില്ല. അതിനാൽ ഇക്കാര്യത്തിൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

51 (1092) കഞ്ചാവ് വേട്ട

ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതുവരെ നടത്തിയ കഞ്ചാവു വേട്ടയിൽ എന്തു തുകയുടെ കഞ്ചാവാണ് നശിപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

1.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 49 (1090) ദയവായി കാണുക

ക്രമ നമ്പർ	ഇനം	വർഷ/വരുമാനം ലക്ഷം രൂപയിൽ		
		1996-97	1997-98	1998-99
1	തടി	13598.357	12395.551	10183.278
2	വിറകും കരിയും	151.739	227.720	163.450
3	കേരള സ്വകാര്യവനങ്ങൾ നിക്ഷിപ്തമാക്കലും, പതിച്ചു കൊടുക്കലും നിയമത്തിൽ വരുന്ന വന വിഭവങ്ങളുടെ വിൽപ്പന യിൽ നിന്നുള്ള വരവ്	226.452	201.346	202.153
4	വന വികസന നികുതി	697.581	637.940	508.171
5	കേരള വനഉൽപ്പന്നങ്ങ ളിൽ നിന്നുള്ള വരവുകൾ	162.427	120.203	61.097
6	മറ്റിനങ്ങൾ	337.324	401.571	465.167
	ആകെ	15173.880	13984.331	11583.315

അനുബന്ധം II

1.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 60 (1101) ദയവായി കാണുക.

1. ശ്രീ. കെ.ഒ. ജോസ്

1. ബി5-61976/92

വാളയാർ റെയിഞ്ചോഫീസർ ആയിരിക്കെ ടി റെയിഞ്ചിലെ പാറപ്പൊട്ടി ആദിവാസി ഊരിനടുത്ത് വനനശീകരണവും വനം കയ്യേറ്റവുമായി ബന്ധപ്പെട്ട കേസിൽ ടിയാന് ഈ ഓഫീസിലെ 17.7.93 ലെ ബി5-61976/92 നമ്പരായി കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി. ഈ കേസിൽ ഇതേ നമ്പരിൽ 17.12.97 ന് ടിയാന് കാരണം കാണിക്കൽ നല്കിയതിൽ 1800/- രൂപ ടിയാനുൾപ്പെടെയുള്ളവരുടെ ശമ്പളത്തിൽ നിന്നും ശമ്പളത്തിന്റെ ആനുപാതിക തോതിൽ ഈടാക്കാനാണ് തീരുമാനം.

2. ബി5-4648/93

അകമലവാരത്തെ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് ടിയാനെതിരെ നിലവിലുണ്ടായിരുന്ന കേസ്, രണ്ട് വാർഷിക വേതനവർദ്ധനവ് സ്ഥിര

LIBRARY ARCHIVES Kerala Legislative Assembly